
# വിവര സാങ്കേതിക വിദ്യ

## പത്താം തരം

## ചോദ്യശേഖരം

1. ഇങ്ക്സ്കേപ്പിൽ വരച്ച ചിത്രത്തിൽ ടെക്സ്റ്റ് ഉൾപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന ടൂൾ ?

   a. Create rectangle and square 

   b. Create and edit text objects 

   c. Create circles, elipses and arcs 

   d. Create stars and polygons 

2. ചിത്ര ഫയലുകളെ സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന ഏത് ?

   a. svg ചിത്രങ്ങൾ വെക്ടർ ചിത്രങ്ങളാണ്

   b. വെക്ർ ചിത്രങ്ങൾ സ്കെയിൽ ചെയ്യുമ്പോൾ വ്യക്തത നഷ്ടപ്പെടുന്നു

   c. ബിറ്റ്മാപ്പ് ചിത്രങ്ങളെ വെക്ടർ ചിത്രങ്ങൾ എന്നും പറയാം

   d. svg ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളാണ്

3. വെബ്പേജുകൾ തയ്യാറാക്കുമ്പോൾ html ടാഗുകളുടേയും ആട്രിബ്യൂട്ടുകളുടേയും ആവർത്തിച്ചുള്ള ഉപയോഗം ഒഴിവാക്കാൻ പ്രയോഗിക്കുന്ന സങ്കേതം താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ?

   a. Inkscape

   b. GepGebra

   c. GIMP

   d. CSS

4. താഴെ കൊടുത്തിട്ടുള്ളവയിൽ ഓപ്പൺ സോഴ്സ് ലൈസൻസോടു കൂടിയ html എഡിറ്റർ ഏത് ?

   a. ജിയോജിബ്ര

   b. ക്വാണ്ടം ജിസ്

   c. സിൻഫിഗ് സ്റ്റുഡിയോ

   d. കംപോസർ

5. റെയിൽവെ, ബാങ്ക് തുടങ്ങിയവയുടെ കംപ്യൂട്ടർ നെറ്റ് വർക്കുകളെല്ലാം രാജ്യം മുഴുവൻ വ്യാപിച്ചു കിടക്കുകയാണ്. ഇവ ഏത് വിഭാഗത്തിൽ പെടുന്നവയാണ് ?

   a. LAN

   b. WAN

   c. PAN

d. MAN

6. മോഡത്തിൽ നിന്നും ടെലിഫോൺ ശൃംഖലയിലേക്ക് പോകുന്ന ഡാറ്റ ഏത് തരമായിരിക്കും ?

a. ഡിജിറ്റൽ

b. അനലോഗ്

c. ഡെസിമൽ

d. ഹെക്സാ ഡെസിമൽ

7. പൈത്തൺ ഗ്രാഫിക് നിർദ്ദേശങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുതിൽ ഏത് ജാലകത്തിലാണ് ഔട്ട് പുട്ട് ദൃശ്യമാകുന്നത് ?

a. പൈത്തൺ ഷെൽ

b. IDLE ജാലകം

c. പൈത്തൺ ഗ്രാഫിക്സ് ജാലകം

d. വെബ്ബ് ബ്രൗസർ

8. ചിത്രത്തിൽ കൊടുത്തിരിക്കുന്ന പൈത്തൺ ഗ്രാഫിക് പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ചുവപ്പ് നിറത്തിൽ രൂപം വരക്കുകയും രൂപത്തിൽ പച്ച നിറം ഉൾപ്പെടുത്തുകയും ചെയ്യുന്നതിന് വിട്ടുപോയ ഭാഗത്ത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് നിർദ്ദേശം ഉൾപ്പെടുത്തണം ?

```
from turtle import*
_ _ _ _ _ _ _
begin_fill()
for i in range(4):
    right(90)
    forward(80)
end_fill()
```

a. pencolor (“red”, “green”)

b. pencolor (“green”, “red”)

c. color (“red”, “green”)

d. color (“green”, “red”)

9. ലിബർഓഫീസ് റൈറ്ററിൽ തയ്യാറാക്കിയ ഡോക്യുമെന്റിലെ ഒരു ശീർഷകത്തിന് നൽകിയ ഫോർമാറ്റുകൾ മറ്റ് ശീർഷകങ്ങൾക്കു കൂടി നൽകാൻ ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് ടൂൾ ഉപയോഗിക്കാം ?

a. Page Formatting

b. Clear Direct Formatting Tool

c. Clone Formatting Tool

d. Standard Tool

10. ഒരു സ്കൂളിലെ കലോത്സവ വിജയികളുടെ പട്ടിക ഡാറ്റാബേസിലുണ്ട്. ഇതുപയോഗിച്ച് കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വേഡ് പ്രോസസറിൽ തയ്യാറാക്കണം. നൽകിയിരിക്കുന്നതിൽ ഏത് സങ്കേതമാണ് അനുയോജ്യം ?

a. മെയിൽ മെർജ്

b. മെയിൽ അറ്റാച്ച്

c. ഡാറ്റാബേസ് ക്വറി

d. എക്സ്പോർട്ട് പി ഡി എഫ്

11. ലിബർ ഓഫീസ് ബേസിൽ സ്കൂൾ ലൈബ്രറിയിലെ എല്ലാ പുസ്തകങ്ങളും ഉൾപ്പെടുത്തി ഒരു ഡാറ്റാബേസ് നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഒരു എഴുത്തുകാരന്റെ ഏതൊക്കെ പുസ്തകങ്ങളാണ് ലഭ്യമായിട്ടുള്ളത് എന്നറിയുന്നതിന് ചുവടെ തന്നിരിക്കുന്നവയിൽ ഏത് സങ്കേതമാണ് പ്രയോജനപ്പെടുത്തേണ്ടത് ?

a. Tables

b. Forms

c. Queries

d. Print

12. ഡാറ്റാബേസിലെ Query യുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിട്ടുള്ളവയിലെ ശരിയായ പ്രസ്ഥാവന ഏത് ?


a. നിബന്ധനകൾക്കനുസൃതമായി ഡാറ്റാബേസിലെ വിവരങ്ങൾ എഡിറ്റ് ചെയ്യുന്നതിനുള്ള സങ്കേതം

b. ഡാറ്റാബേസിലെ വിവരങ്ങൾ ഒഴിവാക്കുന്നതിനുള്ള സങ്കേതം

c. ഡാറ്റാബേസിലേക്ക് വിവരങ്ങൾ നൽകുന്നതിനുള്ള സങ്കേതം

d.. നിബന്ധനകൾക്കനുസൃതമായി ഡാറ്റാബേസിൽ നിന്നും വിവിരങ്ങൾ ലഭ്യമാക്കുന്ന സങ്കേതം.

13. Synfig Studio സോഫ്റ്റ്‌വെയറിലെ ഒരു ടൂളിന്റെ ചിത്രമാണ് നൽകിയിരിക്കുന്നത്. ഏതാണ് ടൂൾ ?



a. Transform Tool

b. SmoothMove Tool

c. Fill Tool

d. Gradient Tool

14. Synfig Studio നിർമ്മിക്കുന്ന ഓരോ ഒബ്ജക്ടും ഓരോ ലെയറിലാകുന്നതുകൊണ്ടുള്ള പ്രയോജനം ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ?

a. Save ചെയ്യാൻ എളുപ്പമാണ്.

b. ഓരോ ആനിമേഷനും പ്രത്യേകം ആനിമേഷൻ നൽകാൻ സാധിക്കുന്നു.

c. Render ചെയ്യാൻ എളുപ്പമാണ്.

d. Import ചെയ്യാൻ എളുപ്പമാണ്.

15. കേരളത്തിലെ സ്ക്കുളുകളിൽ ഉപയോഗിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഓപ്പറേറ്റിംഗ് സിസ്റ്റം

താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

a. മൈക്രോസോഫ്റ്റ് വിൻഡോസ്.

b. ഗ്നു/ലിനക്സ്

c. ആപ്പിൾമാക്സ് ഓഎസ് X

d. ഫ്രീ ബിഎസ്ഡി

16 കമ്പ്യൂട്ടറിന്റെ പ്രധാന മെനുവിൽ നിന്ന് ഒരു ഇനം ഡെസ്ക്ടോപ്പിലേക്ക് ഡ്രാഗ് ചെയ്തിട്ടാൽ എന്താണ് സംഭവിക്കുന്നത്

a. ഡെസ്ക്ടോപ്പിൽ സോഫ്റ്റ്‌വെയറിന്റെ ഒരു ഐക്കൺ നിർമ്മിക്കപ്പെടുന്നു.

b. സോഫ്റ്റ്‌വെയറിന്റെ പ്രോപ്പർട്ടി ജാലകം തുറക്കുന്നു.

c. സോഫ്റ്റ്‌വെയർ തുറന്ന് പ്രവർത്തനക്ഷമമാകുന്നു.

d. സോഫ്റ്റ്‌വെയർ കമ്പ്യൂട്ടറിൽ നിന്ന് ഡിലീറ്റ് ചെയ്യപ്പെടുന്നു.

17. ചിത്രഫയലുകളെ സംബന്ധിച്ച് താഴെ പറയുന്നവയിൽ ശരിയായ പ്രസ്ഥാവന ഏത് ?

a. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു.

b. റാസ്റ്റർ ചിത്രങ്ങൾ തയ്യാറാക്കുന്ന എല്ലാ സോഫ്റ്റ്‌വെയറുകളിലും അവയെ വെക്ടർ ചിത്രങ്ങളായി എക്സ്പോർട്ട് ചെയ്യാം

c. വെക്ടർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു.

d. വെക്ടർ ചിത്രങ്ങൾ കമ്പ്യൂട്ടറിൽ സേവ് ചെയ്യപ്പെടുന്നത് അവയുടെ ഓരോ പിക്സലിന്റേയും പ്രത്യേകതകൾ അടിസ്ഥാനമാക്കിയാണ്.

18. ഇങ്ക്സ്കേപ്പിൽ തയ്യാറാക്കിയ ഒരു ചിത്രം png ഫോർമാറ്റിലേക്ക് സേവ് ചെയ്യുന്നതിനുള്ള പ്രവർത്തന ക്രമം ചുവടെ നൽകിയവയിൽ നിന്ന് തെരെഞ്ഞെടുക്കുക.

a. File ——► Save as

b. File ——► Export as PNG image

c. File ——► Import Clip Art

d. File ——► Save a Copy

19. ഒരു വെബ്പേജിനെ മറ്റൊരു വെബ്പേജുമായി ബന്ധിപ്പിക്കാൻ താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് സങ്കേതം പ്രയോജനപ്പെടുത്താം ?

a. ഇന്ററാക്ഷൻ

b. IP വിലാസം

c. പ്രോട്ടോകോൾ

d. ഹൈപ്പർലിങ്ക്

20. ഇന്റർനെറ്റിനെക്കുറിച്ച് താഴെ പറയുന്ന പ്രസ്ഥാവനകളിൽ ഏറ്റവും ശരിയായത് ഏതാണ് ?

a. ടീം ബേർണേഴ്സ് ലീ ആണ് ഇ മെയിൽ സാങ്കേതിക വിദ്യയുടെ പിതാവ്.

b. വേൾഡ് വൈഡ് വെബിന്റെ പിതാവായി അറിയപ്പെടുന്നത് ടീം ബേർണേഴ്സ് ലീ ആണ്.

c. ടീം ബേർണേഴ്സ് ലീ ഇന്റർനെറ്റിന്റെ പിതാവായി അറിയപ്പെടുന്നു.

d. ഇന്റർനെറ്റ് വേൾഡ് വൈഡ് വെബ്ബിന്റെ ഒരു ഉപവിഭാഗമാണ്.

21. താഴെ കൊടുത്തിരിക്കുന്നവയിൽ നവ സാമൂഹികമാധ്യമം (Social media) ഏത് ?

a. വാട്ട്സ്ആപ്.

b. ഗൂഗിൾ

c. വിക്കിപീഡിയ

d. യാഹൂ

22. വെബ്സൈറ്റുകളുടെ ഐ പി വിലാസങ്ങളെ നമുക്ക് ഓർക്കാൻ എളുപ്പമുള്ള പേരുകളായി മാറ്റി ഉപയോഗിക്കാറുണ്ട്. ഇത് ഏത് പേരിലാണ് അറിയപ്പെടുന്നത് ?

a. ഹോസ്റ്റ് നാമം.

b. HTTP നാമം

c. വേൾഡ് വൈഡ് വെബ്

d. URL

23. ഒരു കമ്പ്യൂട്ടറിന്റെ ഹാർഡ്‌വെയറുമായി നേരിട്ടോ ഡ്രൈവുകളുടെ സഹായത്തോടെയോ സംവദിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ഭാഗം താഴെ പറയുന്നവയിൽ ഏതാണ് ?

a. കേർണൽ (Kernal)

b. ഷെൽ (Shell)

c. സി പി യു (CPU)

d. ജി യു ഐ (GUI)

24. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ജോഡിയാണ് ശരിയല്ലാത്തത് ?

a. ആൻഡ്രോയ്ഡ് ഗൂഗിൾ

b. iOS ആപ്പിൾ

c. Mac OS X ആപ്പിൾ

d. ടൈസെൻ ഡൈബിയൻ

| | | |
|---|---|---|
| A. | ആൻഡ്രോയ്ഡ് | ഗൂഗിൾ |
| B | iOS | ആപ്പിൾ |
| C | Mac OS X | ആപ്പിൾ |
| D | ടൈസെൻ | ഡെബിയൻ |

25. ചുവടെ കൊടുത്തവയിൽ QGIS ഭൂപടത്തിലെ ഒരു ലെയർ വിശേഷണം ആകാൻ സാധ്യതയുള്ളത് ഏതാണ് ?

a. ഉടമസ്ഥൻ

b. നദി

c. കിണർ

d. വീട്

26. സൺക്ലോക്ക് സോഫ്റ്റ്‌വെയറിലെ ക്ലോക്ക് & മാപ്പ് ജാലകത്തിൽ രേഖാംശരേഖകളെ പ്രത്യക്ഷമാക്കാനും അപ്രത്യക്ഷമാക്കാനും ഉപയോഗിക്കുന്ന ടൂൾ ഏതാണ് ?

a. ടോഗിൾ മെറിഡിയൻ (M)

b. സോളാർ ടൈം മോഡ് (S)

c. ടോഗിൾ നൈറ്റ് (N)

d. ടോഗിൾ സൺ/മൂൺ (Y)

27. ഡാറ്റാബേസിലെ Report മായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിട്ടുള്ളവയിലെ ശരിയായ പ്രസ്താവന ഏത ?

a. ഡാറ്റാബേസിലേക്ക് വിവരങ്ങൾ ചേർക്കുന്നതിനുള്ള സങ്കേതം.


b. ഡാറ്റാബേസിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സങ്കേതം.

c. ഡാറ്റാബേസിലെ വിവരങ്ങൾ എഡിറ്റ് ചെയ്യുന്നതിനുള്ള സങ്കേതം.

d. ഡാറ്റാബേസിലെ വിവരങ്ങൾ ഒഴിവാക്കുന്നതിനുള്ള സങ്കേതം.

28. Synfing Studio സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഒരു ആനിമേഷൻ പ്രവർത്തിപ്പിക്കാൻ ചുവടെ നൽകിയിരിക്കുന്നതിൽ ഏത് ടൂളാണ് ഉപയോഗിക്കേണ്ടി വരിക ?

a. 

b. 

c. 

d. 

29. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ഒരു ആനിമേഷനിലെ കഥാപാത്രങ്ങളുടെ ചലനത്തിന്റെ സ്വാഭാവികത നിർണ്ണയിക്കുന്നത് ?

a. SmoothMove Tool

b. Frame Per Second

c. Transform Tool

d. Parameters

30. വെബ്സൈറ്റുകൾ തയ്യാറാക്കാൻ നമ്മേ സഹായിക്കുന്ന WCMS എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

a. Web Content Management System

b. Web Control Machine System

c. Wiki Content Management System

d. Wiki Control Machine System

31. അന തയ്യാറാക്കിയ വെബ്പേജിൽ ധാരാളം പാരഗ്രാഫുകൾ ഉണ്ട്. ഈ പാരഗ്രാഫുകൾക്കെല്ലാം കാസ്കേഡിംഗ് സ്റ്റൈലുകൾ ഉപയോഗിച്ച് വ്യത്യസ്ത നിറം നൽകണമെങ്കിൽ ഉപയോഗിക്കാവുന്ന സെലക്ടർ ഏത് ?

a. Element Selector

b. Class Selector


c. Internal Selector

d. External Selector

32. ക്യൂജിസ് സോഫ്റ്റ്വെയറിലെ ടോഗിൾ എഡിറ്റിംഗ് ടൂൾ ചുവടെ കൊടുത്തവയിൽ ഏതാണ് ?

a. 

b. 

c. 

d. 

33. നൽകിയിരിക്കുന്ന Sunclock സോഫ്റ്റ്വെയറിലെ ക്ലോക്ക് &മാപ്പ് ജാലകത്തിന്റെ ചിത്രം വിശകലനം ചെയ്ത് ചുവടെ കൊടിത്തിട്ടുള്ളവയിലെ ശരിയായ പ്രസ്താവന കണ്ടെത്തുക ?



a. ദക്ഷിണാർദ്ധഗോളത്തിൽ പകലിന്റെ ദൈർഘ്യം കൂടുതലാണ്

b. ഉത്തരാർദ്ധഗോളത്തിൽ രാത്രിയുടെ ദൈർഘ്യം കൂടുതലാണ്

c. ഉത്തര – ദക്ഷിണ ഗോളങ്ങളിൽ രാത്രി - പകലിന്റെ ദൈർഘ്യം തുല്യമാണ്.

d. ഉത്തര – ദക്ഷിണ ഗോളങ്ങളിൽ രാത്രി - പകലിന്റെ ദൈർഘ്യം തുല്യമല്ല.

34. ഒരു വലിയ ഡോക്യുമെന്റിലോ പുസ്തകത്തിലോ ശീർഷകങ്ങൾക്ക് ഒരേ ഫോർമാറ്റ് നൽകാനുള്ള ഏറ്റവും എളുപ്പമുള്ള മാർഗ്ഗം ഏത് ?

a. Character Formatting

b. Paragraph Formatting

c. Styles and Formatting

d. Page Formatting

35. പേരും വിലാസവും ഉള്ള ഒരു സ്പ്രെഡ്ഷീറ്റ് പട്ടികയിലെ വിവരങ്ങൾ ഒന്നൊന്നായി വേഡ്

പ്രോസസറിൽ തയ്യാറാക്കിയ കത്തിലേക്ക് ഉൾപ്പെടുത്താൻ പ്രയോജനപ്പെടുന്ന സങ്കേതം ഏതാണ് ?

a. Formatting

b. Style

c. Mail Merge

d. Index

36. ഒരു സമചതുരം തയ്യാറാക്കുന്നതിനുള്ള പൈത്തൺ പ്രോഗ്രാം നൽകിയിരിക്കുന്നു. ഈ സമചതുരത്തിന്റെ വശത്തിന്റെ കനം 5 യൂണിറ്റ് നൽകുന്നതിന് പ്രോഗ്രാമിൽ ചേർക്കേണ്ട നിർദ്ദേശം ചുവടെ തന്നിട്ടുള്ളതിൽ നിന്ന് തിരഞ്ഞെടുക്കുക ?

```
from turtle import*
for a in range(4):
    forward(100)
    left(90)
```

a. pencolor(5)

b. pensize(5)

c. pen_thickness(5)

d. penline(5)

37. ചിത്രത്തിൽ തന്നിരിക്കുന്ന പൈത്തൺ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

```
from turtle import*
for i in range(4):
    forward(150)
    right(90)
```

a. സമചതുരം

b. ദീർഘചതുരം

c. സമപഞ്ചഭുജം

d. സമഷഡ്ഭുജം

38. കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കാനുപയോഗിക്കുന്ന കേബിളാണ് UTP കേബിളുകൾ . ഇവയിൽ എത്ര കേബിളുകളുണ്ട് ?

a. 4

b. 12

c. 8

d. 2

39. ടെലിഫോൺ ശൃംഗലയിൽ നിന്ന് മോഡത്തിലേക്ക് വരുന്ന ഡാറ്റ ഏത് തരമായിരിക്കും ?

a. ഡിജിറ്റൽ

b. അനലോഗ്

c. ഡെസിമൽ

d. ഹെക്സാഡെസിമൽ

40. പൈത്തൺ ഗ്രാഫിക് പ്രോഗ്രാമുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ജാമിതീയ രൂപങ്ങൾക്ക് വ്യത്യസ്ത

നിറങ്ങൾ നൽകുന്നതിന് താഴെ കൊടുത്തിട്ടുള്ളവയിൽ ഏത് നിർദ്ദേശം ഉപയോഗിക്കാം

a. pen-color()

b. pencolor()

c. colour()

d. color()

41. ചുവടെ കൊടുത്തിട്ടുള്ളവയിൽ ഓപ്പൺ സ്ട്രീറ്റ് മാപ്പിനെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക ?

a. ഒരു ഭൂവിവരവ്യവസ്ഥാ സോഫ്റ്റ്‌വെയറാണ്.

b. ഒരു ഓൺലൈൻ വിജ്ഞാനകോശമാണ്.

c. ഒരു ഓഫ്‌ലൈൻ വിജ്ഞാനകോശമാണ്.

d. ഒരു ഓൺലൈൻ ഭൂപടസംവിധാനമാണ്.

42. QGIS സോഫ്റ്റ്‌വെയറിൽ തുറന്ന ഭൂപടത്തിലെ ലെയർ ആവൃത്തി വിശകലനം നടത്തുന്നതിന് ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏത് മെനുവാണ് ഉപയോഗിക്കുന്നത് ?

a. Vector ⟶ Geoprocessing Tools ⟶ Intesect

b. Vector ⟶ Geometry Tools ⟶ Buffer(s)

c. Vector ⟶ Geoprocessing Tools ⟶ Buffer(s)

d. Layer ⟶ Create Layer ⟶ New Shapefile Layer

43. ചുവടെ കൊടുത്തിരിക്കുന്നവയിൽ ലിബർഓഫീസ് ബേസിൽ ഒരു ഡാറ്റാബേസുമായി ബന്ധമില്ലാത്തത് ഏത് ?

a. Slede

b. Queries

c. Forms

d. Reports

44. ഒരു സ്കൂളിലെ കുട്ടികളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ഡാറ്റാബേസിൽ അഡ്മിഷൻ നമ്പർ, കുട്ടിയുടെ പേര്, വയസ്സ്, അഡ്രസ്സ്, പഠിക്കുന്ന ക്ലാസ്സ് എന്നീ ഫീൽഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ Primary Key ആയി നിർവ്വചിക്കാൻ ഏറ്റവും അനുയോജ്യമായ ഫീൽഡ് ഏത് ?

a. കുട്ടിയുടെ പേര്

b. അഡ്മിഷൻ നമ്പർ

c. പഠിക്കുന്ന ക്ലാസ്സ്

d. വയസ്സ്

45. താഴെ കൊടുത്തിരിക്കുന്നവയിൽ നവ സാമൂഹികമാധ്യമം (Social media) ഏത് ?

a. ഗൂഗിൾ

b. യാഹൂ

c. ട്വിറ്റർ

d. വിക്കിപീഡിയ

46. ഇന്റർനെറ്റിലെ Domain Name System നിയന്ത്രിക്കുന്ന സംഘടന ഏത് ?

a. The Internet Society

b. The Internet Engineering Task Force (IETF)

c. The Internet Corporation for Assigned Name and Numbers (ICANN)

d. World Wide Web (WWW)

47. കമ്പ്യൂട്ടറിൽ വിവരങ്ങൾ പ്രോസസ് ചെയ്യുന്നതും സൂക്ഷിക്കുന്നതും ഏതു രൂപത്തിലാണ് ?

a. ഡിജിറ്റൽ

b. അനലോഗ്

c. ഡെസിൽ

d. ഇവയൊന്നുമല്ല

48. നെറ്റ്‌വർക്കിലുൾപ്പെട്ടിരിക്കുന്ന ഉപകരണങ്ങളുടെ നാമകരണത്തിലും മറ്റും പാലിക്കേണ്ട പൊതു നിയമങ്ങൾ ഏതു പേരിലറിയപ്പെടുന്നു ?

a. ഐ. പി അഡ്രസ്സ്

b. നെറ്റ് മാസ്ക്

c. നെറ്റ്‌വർക്ക് പ്രോട്ടോകോളുകൾ

d. ഷെയറിംഗ്

49. കാസ്കേഡിംഗ് സ്റ്റൈലുകൾ ഉൾപ്പെടുത്തി വെബ്പേജുകൾ തയ്യാറാക്കുമ്പോൾ പശ്ചാത്തല നിറം നിർവ്വചിക്കാൻ സഹായിക്കുന്ന സവിശേഷത താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ?

a. background

b. bg-color

c. bgcolor

d. backcolor

50. വെബ്പേജ് നിർമ്മാണത്തിന് സ്റ്റൈലുകൾ ഉൾപ്പെടുത്തുമ്പോൾ Element Selector ഉപയോഗിച്ച് പശ്ചാത്തല നിറം നൽകാൻ <style> ടാഗിനുള്ളിൽ ചുവടെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഉപയോഗിക്കേണ്ടത് ഏത് ?

a. body { background :yellow;}

b. body <background :yellow;>

c. body [ background :yellow;]

d. body bgcolor : "yellow"

51. ചാൾസ് ബാബേജി നിർമ്മിക്കാൻ ശ്രമിച്ച, ലോകത്തിലെ ആദ്യ കമ്പ്യൂട്ടർ എന്നറിയപ്പെടുന്ന യന്ത്രത്തിന്റെ പേരെന്ത് ?

a. അനലിറ്റിക് എഞ്ചിൻ

b. യൂനിക്സ്

c. ഏനിയാക്

d. ബിഎസ്ഡി

52. യൂനിക്സ് എന്ന ഓപ്പറേറ്റിംഗ് സിസ്റ്റം ആദ്യമായി തയ്യാറാക്കിയത് താഴെ പറയുന്നവയിൽ ഏത് സ്ഥാപനമാണ് ?

a. അമേരിക്കയിലെ ബെൽ ലെബോറട്ടറി

b. അമേരിക്കയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റി

c. ആപ്പിൾ കോർപ്പറേഷന്റെ കമ്പ്യൂട്ടർ നിർമ്മാണ ശാല

d. ഗ്നു പ്രൊജക്റ്റിന്റെ കമ്പ്യൂട്ടർ നിർമ്മാണ ശാല

53. ഒരു ഡാറ്റാബേസിനെ സംബന്ധിച്ച് താഴെ പറയുന്നവയിൽ ശരിയായത് ഏത് ?

a. ഒരോ നിരകളേയും (Columns) ഫീൽഡുകൾ എന്ന വിളിക്കുന്നു.

b. ഒരോ വരികളേയും (Rows) ഫീൽഡുകൾ എന്ന വിളിക്കുന്നു.

c. ഒരോ നിരകളേയും (Columns) ഫോമുകൾ എന്ന വിളിക്കുന്നു.

d. ഒരോ വരികളേയും (Rows) ഫോമുകൾ എന്ന വിളിക്കുന്നു.

54. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ആനിമേഷൻ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ?


a. LibreOffice Writer

b. LibreOffice Calc

c. Synfing Studio

d. Quantum Gis

55. ഇങ്ക് സ്കേപ് സോഫ്റ്റ്‌വെയറിന്റെ ടൂൾബോക്സിൽ കാണുന്ന ഒരു ടൂളാണ് ചിത്രത്തിൽ ഇതിന്റെ ഉപയോഗമെന്ത് ?



a. ചതുരം വരക്കാൻ

b. വൃത്തം വരക്കാൻ

c. നോഡ് എഡിറ്റ് ചെയ്യാൻ

d. അക്ഷരങ്ങൾ ഉൾപ്പെടുത്താൻ

56. വിക്കിമാപ്പിയയെക്കുറിച്ച് ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഏറ്റവും അനുയോജ്യമായത് കണ്ടെത്തുക

a. ഒരു ഓൺലൈൻ വിജ്ഞാന കോശമാണ്.


b. ഒരു ഭൂവിവര വ്യവസ്ഥാ സോഫ്റ്റ്‌വെയറാണ്.


c. ഒരു ഓൺലൈൻ ഭൂപടസംവിധാനമാണ്.


d. ഒരു ഓഫ്‌ലൈൻ വിജ്ഞാന കോശമാണ്.

57. Sunclock സോഫ്റ്റ്‌വെയറിൽ ആനിമേഷൻ ക്രമീകരണത്തിനായി പ്രയോജനപ്പെടുത്തുന്ന ടൂളുകൾ ചുവടെ നൽകിയിരിക്കുന്നവയിൽ നിന്ന് തിരഞ്ഞെടുക്കുക ?

a. 


b. 


c. 


d. 


58. വിവരങ്ങൾ പരിസ്പരം കൈമാറത്തക്ക വിധത്തിൽ കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ പേരെന്ത ?

a. കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗ്

b. ബ്ലോഗ്

c. ഫയൽസിസ്റ്റം

d. ഓപ്പറേറ്റിംഗ് സിസ്റ്റം

59. ചുവടെ കൊടുത്തിരിക്കുന്നവയിൽ വെബ്‌പേജുകൾ നിർമ്മിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന ഭാഷ ഏത് ?

a. Python

b. Ltex

c. HTML

d. CPP

60. ഇന്റർനെറ്റുമായി ബന്ധപ്പെട്ട് HTTP എന്നതിന്റെ പൂർണ്ണരൂപം ചുവടെ കൊടുത്തിരിക്കുന്നവയിൽഏത്?

a. HTML Transmission Protocol.

b. HTML Transfer Protocol.

c. Hypertext Transmission Protocol.

d. Hypertext Transfer Protocol.

61. ഡാറ്റാബേസിലെ Form മായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിട്ടുള്ളവയിലെ ഏറ്റവും അനുയോജ്യമായ പ്രസ്താവന ഏത് ?

a. ഡാറ്റാബേസിലേക്ക് വിവരങ്ങൾ ചേർക്കുന്നതിനുള്ള സങ്കേതം.

b. ഡാറ്റാബേസിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സങ്കേതം.

c. ഡാറ്റാബേസിലെ വിവരങ്ങൾ എഡിറ്റ് ചെയ്യുന്നതിനുള്ള സങ്കേതം.

d. ഡാറ്റാബേസിലെ വിവരങ്ങൾ ഒഴിവാക്കുന്നതിനുള്ള സങ്കേതം.

62. ലിബർഓഫീസ് ബേസിൽ ഫോമിന് (Form) വ്യത്യസ്ത ലേ ഔട്ടുകൾ നൽകുന്നതിനായി തിരഞ്ഞെടുക്കേണ്ടത് ഏത് ?

a. Use Wizard to Create Form

b. Fields in Form

c. Arrange in Controls

d. Apply Styles

63. ചിത്രത്തിൽ കൊടുത്തിരിക്കുന്ന പൈത്തൺ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടിന്റെ പ്രത്യേകത ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുക്കുക ?

```
from turtle import*
for i in range(6):
    forward(100)
    right(60)
```

a. 60 യൂണിറ്റ് നീളമുള്ള വശം

b. 100 യൂണിറ്റ് നീളമുള്ള വശം

c. 100 യൂണിറ്റ് കോണളവ്

d. 6 യൂണിറ്റ് നീളമുള്ള വശം

64. ഒരു മുറിക്കുള്ളലേയോ കെട്ടിടത്തിനുള്ളിലേയോ കമ്പ്യൂട്ടറുകളെ അന്യോന്യം ബന്ധിപ്പിച്ചിരിക്കുന്ന സംവിധാനത്തിന് പറയുന്ന പേര് ?

a. WAN

b. LAN

c. MAN

d. RAM

65. കമ്പ്യൂട്ടറിൽ നിന്ന് മോഡത്തിലേക്ക് പോകുന്ന ഡാറ്റ ഏത് തരമായിരിക്കും ?

a. ഡിജിറ്റൽ

b. അനലോഗ്

c. ഡെസിമൽ

d. ഹെക്സാഡെസിമൽ

66. വെബ്സൈറ്റുകൾ നിർമ്മിക്കുമ്പോൾ ഒന്നിലധികം വെബ്പേജുകൾക്ക് ഒരേ ലേഔട്ട് നൽകാൻ സഹായിക്കുന്ന സംവിധാനം താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് ?

a. വേഡ് പ്രോസസറുകൾ.

b. വെബ്ബ്രൗസറുകൾ.

c. മാർക്ക് അപ് ഭാഷകൾ.

d. കാസ്കേഡിങ് സ്റ്റൈൽ ഷീറ്റുകൾ.

67. ഒരു വെബ്പേജിലെ h2 വിഭാഗത്തിൽപെട്ട ഹെഡിംഗുകൾക്കെല്ലാം External കാസ്കേഡിങ് സ്റ്റൈലുകൾ ഉപയോഗിച്ച് ഒരേ നിറം നൽകണം ഇതിനായി CSS ഫയലിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശം എത് ?

a. h2-color="#D6BOB0O"

b. h2-colour="#D6BOB0O"

c. h2{color=#D6BOB0O;}

d. h2<color="#D6BOB0O">

68. Sunclock സോഫ്റ്റ്‌വെയറിൽ ലീഗൽ ടൈം മോഡ് (L) മെനുവിന്റെ ഉപയോഗമെന്ത് ?

a. സോളാർ സമയം പ്രദർശിപ്പിക്കാൻ.

b. സ്റ്റാൻഡേർഡ് സമയം പ്രദർശിപ്പിക്കാൻ.

c. പ്രാദേശിക സമയം പ്രദർശിപ്പിക്കാൻ.

d. ഗ്രീനിച്ച് സമയം പ്രദർശിപ്പിക്കാൻ.

69. പൈത്തൺ പ്രോഗ്രാമിംഗ് ഭാഷയിൽ ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കാൻ സഹായിക്കുന്ന അനുബന്ധ സോഫ്റ്റ്‌വെയർ ഏത് ?

a. turtle

b. import

c. python shell

d. IDLE

70. ചിത്രത്തിൽ കൊടുത്തിട്ടുള്ള പൈത്തൺ ഗ്രാഫിക് പ്രോഗ്രാമിന്റെ ഔട്ട്പുട്ടിൽ സമചതുരത്തിന്റെ വശങ്ങൾക്ക് ചുവപ്പ് നിറം കൂടി നൽകണമെങ്കിൽ ചുവടെ നൽകിയവയിൽ ഉപയോഗിക്കാവുന്ന നിർദ്ദേശം ഏത് ?

```
from turtle import*
for i in range(4):
    forward(150)
    right(90)
```

a. clr ("red")

b. lineclolor ("red")

c. pencolour (“red”)

d. pencolor (“red”)

71. ഒരു പദത്തിന് നൽകിയിട്ടുള്ള ഫോർമാറ്റുകൾ അതേ പടി മറ്റ് പദങ്ങൾക്ക് നൽകാനുള്ള എളുപ്പ വഴി താഴെ പറയുന്നവയിൽ ഏതാണ് ?

a. Paragraph Formatting

b. Clone Formatting

c. Character Formatting

d. Page Formatting

72. ദിയ തയ്യാറാക്കിയ ഫയലുകളാണ് ചുവടെ കൊടുത്തിട്ടുള്ളത്. ഇതിൽ നിന്ന് വേഡ് പ്രോസസറിൽ തയ്യാറാക്കിയ ഫയൽ തിരഞ്ഞെടുക്കുക.

a. Certificate.ods

b. Certificate.odt

c. Certificate.odp

d. Certificate.odg

73. ഇങ്ക്സ്കേപ്പിൽ വരച്ച ചിത്രത്തിന്റെ മുകളിലാണ് ഇംപോർട്ട് ചെയ്ത ചിത്രം വന്നിട്ടുള്ളത്. ചിത്രത്തെ പുറകിലേക്ക് മാറ്റുന്നതിന് ചിത്രം സെലക്ട് ചെയ്തതിനു ശേഷം Object മെനുവിലെ ഏത് സങ്കേതമാണ് ഉപയോഗിക്കേണ്ടത് ?

a. Above

b. Lower

c. Up

d. Down

74. നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും Synfig Studio സോഫ്റ്റ്‌വെയറിനെക്കുറിച്ച് ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

a. ഒരു സ്വതന്ത്ര ദ്വിമാന ആനിമേഷൻ സോഫ്റ്റ്‌വെയറാണ്.

b. ഒരു സ്വതന്ത്ര ത്രിമാന ആനിമേഷൻ സോഫ്റ്റ്‌വെയറാണ്.

c. ആകാശ നിരീക്ഷണത്തിനും പഠനത്തിനുമുള്ള സോഫ്റ്റ്‌വെയറാണ്.

d. ശബ്ദം റെക്കോർഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറാണ്.

75. അനു ഒരു വെബ്പേജ് നിർമ്മിക്കുകയാണ്. കാസ്കേഡിങ് സ്റ്റൈൽ ഉപയോഗിച്ച് വെബ്പേജിന് പശ്ചാത്തലനിറം നൽകുവാൻ താഴെ കൊടുത്തിരിക്കുന്നവയിൽ ഉപയോഗിക്കാവുന്ന നിർദ്ദേശംഏത്?

a. body {background:#C8DDD2;}

b. body ((background:#C8DDD2;))

c. body [background:#C8DDD2;]

d. body <<background:#C8DDD2;>>

76. അനു വെബ്പേജ് തയ്യാറാക്കിയപ്പോൾ കാസ്കേഡിങ് സ്റ്റൈൽ ഉപയോഗിച്ച് വെബ്പേജിന് നീല പശ്ചാത്തല നിറം നൽകി. ഇതിനായി ഉൾപ്പെടുത്തിയ നിർദ്ദേശം ചുവടെ നൽകിയതിൽ ഏതാണ് ?

a. <body style ="background -color:blue;">

b. <style><body background-color:blue;></style>

c. body <<background-color:blue;>></style>

d. <style>body <background-color:blue;></style>

77. പ്രവർത്തനക്ഷമമായതും ആധുനിക കമ്പ്യൂട്ടറിന്റെ ആശയങ്ങളെല്ലാം ഉൾക്കൊള്ളിച്ച് നിർമ്മിക്കപ്പെട്ടതുമായ ആദ്യ കമ്പ്യൂട്ടർ ഏതാണ് ?

a. ഏനിയാക്

b. യൂനിക്സ്

c. ബിഎസ്ഡി

d. അനലിറ്റിക് എഞ്ചിൻ

78. പൈത്തൺ ഗ്രാഫിക്സ് പ്രോഗ്രാമിൽ right(90) എന്ന നിർദ്ദേശം സൂചിപ്പിക്കുന്നതെന്ത് ?

a. turtle, $90^0$ വലത്തേക്ക് തിരിയാൻ.

b. 90 യൂണിറ്റ് നീളത്തിൽ വര വരക്കാൻ.

c. 90 യൂണിറ്റ് ആരമുള്ള വൃത്തം വരക്കാൻ.

d. 90 യൂണിറ്റ് അകലത്തിൽ ഒരു ബിന്ദു അടയാളപ്പെടുത്താൻ.

79. ചിത്രത്തിൽ കൊടുത്തിരിക്കുന്ന പൈത്തൺ ഗ്രാഫിക്സ് പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ചുവപ്പ് നിറത്തിൽ രൂപം വരക്കുകയും രൂപത്തിൽ പച്ച നിറം ഉൾപ്പെടുത്തുകയും ചെയ്യുന്നതിന് വിട്ടുപോയ ഭാഗത്ത് താഴെ കൊടുത്തിരിക്കുന്ന ഏത് നിർദ്ദേശം ഉൾപ്പെടുത്തണം ?

a. pencolor (“red”,”green”)

b. pencolor(“green”,”red”)

c. color(“red”,”green”)

d. color(“green”,”red”)

80. ഡിജിറ്റൽ സിഗ്നലുകളെ അനലോഗായും തിരിച്ചും മാറ്റുവാൻ കഴിവുള്ള ഉപകരണത്തിന്റെ പേരെന്ത് ?

a. മോഡം

b. RJ45

c. RJ11

d. ഹബ്ബ്

81. നെറ്റ്‌വർക്കിങ്ങുമായി ബന്ധപ്പെട്ട് ഹബ്ബിന് പകരമായി ഉപയോഗിക്കാവുന്ന ഉപകരണം ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?

a. കേബിൾ

b. കണക്റ്റർ

c. സ്വിച്ച്

d. പ്രിന്റർ

82. സ്പ്രെഡ് ഷീറ്റിൽ തയ്യാറാക്കിയ address.ods എന്ന പട്ടികയിലെ വിലാസങ്ങൾ letter.odt എന്ന കത്തിലേക്ക് ഉൾപ്പെടുത്തുന്ന സങ്കേതമാണ് ?

a. Exprot

b. Mail Merge

c. Wrap

d. Import

83. വെബ്പേജുകൾ തയ്യാറാക്കുമ്പോൾ html ടാഗുകളുടേയും ആട്രിബ്യൂട്ടുകളുടേയും ആവർത്തിച്ചുള്ള ഉപയോഗം ഒഴിവാക്കാൻ ഉപയോഗിക്കുന്ന സങ്കേതം ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് ?

a. Inkscape

b. GeoGebra

c. Gimp

d. CSS

1. synfig Studio യിലെ 4 ടൂളുകളാണ് ചിത്രത്തിലുള്ളത്. വിശദീകരിക്കാത്ത ടൂളുകളുടെ പേരുകൾ ചുവടെയുള്ളതിൽ നിന്ന് തിരഞ്ഞെടുക്കുക.




a. Transform

b. Smooth move

c. Star

d. Rectangle Tool

e. Gradient Tool.

2. താഴെ പറയുന്നവയിൽ ഏതെല്ലാമാണ് സ്മാർട്ട് ഫോൺ ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾ ?

a. Android

b. Tizen

c. Unix

d. FreeBsd

e. Mac OS X

3. ഇന്റർനെറ്റുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ചുവടെ കൊടുത്തിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. ഇന്റർനെറ്റ് സർക്കാർ മേൽനോട്ടത്തിൽ ആയതിനാൽ അതിൽ മോശമായ ഉള്ളടക്കം ചേർക്കാനാവില്ല.

b. വേൾഡ് വൈഡ് വെബ് ഇന്റർനെറ്റിന്റെ സുപ്രധാനമായ ഒരു പ്രയോഗമേഖലയാണ്.

c. ICANN എന്ന സംഘടന ഇന്റർനെറ്റിന്റെ ഘടനയുടേയും നയങ്ങളുടേയും മേൽനോട്ടം വഹിക്കുന്നു.

d. കേരളത്തിൽ ഹയർസെക്കണ്ടറി അഡ്മിഷനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള ഓൺലൈൻ സംവിധാനമാണ് www.hscap.kerala.gov.in

e. The Internet Society എന്ന സംഘടനയാണ് Domine നാമകരണ സംവിധാനത്തിന് മേൽനട്ടം വഹിക്കുന്നത്.

4. സൺക്ലോക്ക് സോഫ്റ്റ്‌വെയറിലെ ടോഗിൾ നൈറ്റ് (N), ടോഗിൾ സൺ/മൂൺ (Y) എന്നിവയെ സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായ രണ്ടെണ്ണം കണ്ടെത്തുക.

a. ടോഗിൾ നൈറ്റ് (N) : സമയം മുന്നോട്ടും പിന്നോട്ടും ക്രമീകരിക്കുന്നതിന്

b. ടോഗിൾ സൺ/മൂൺ (Y) : സൂര്യനേയും ചന്ദ്രനേയും ദൃശ്യമാക്കാനും അദൃശ്യമാക്കാനും.

c. ടോഗിൾ നൈറ്റ് (N) : രാത്രി-പകൽ വേർതിരിവ് കാണാനും ഒഴിവാക്കാനും.

d. ടോഗിൾ സൺ/മൂൺ (Y) : രാത്രി-പകൽ വേർതിരിവ് ദൃശ്യമാക്കാനും അദൃശ്യമാക്കാനും.

e. ടോഗിൾ നൈറ്റ് (N) : സൂര്യനേയും ചന്ദ്രനേയും കാണാനും ഒഴിവാക്കാനും.

5. തന്നിരിക്കുന്നവയിൽ DBMS ലെ Field Type മായി ബന്ധപ്പെട്ട സരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക .

a. പട്ടികയിലെ വിവരങ്ങൾക്ക് പേര് നൽകുന്നതിനാണ് Field Type ഉപയോഗിക്കുന്നത്.

b. പട്ടികയിലെ വിവരങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നതിനാണ് Field Type ഉപയോഗിക്കുന്നത്.

c. പട്ടികയിലെ വിവരങ്ങൾ ഏത് തരം ഡാറ്റയാണെന്ന് മുൻകൂട്ടി നിർവചിക്കുന്നതിനാണ് Field Type ഉപയോഗിക്കുന്നത്.

d. ഫോമുകൾ തയ്യാറാക്കുമ്പോഴാണ് ഇവ നിർവചിക്കുന്നത്.

e. വിവരങ്ങളുടെ വിവിധതരം വിശകലനങ്ങൾക്കും അപഗ്രഥനത്തിനും ഇത് സഹായകമാണ്.

6. മോഡവുമായി ബന്ധപ്പെട്ട ശരിയായ രണ്ട് പ്രസ്താവനകൾ ഏവ ?

a. ശബ്ദ സിഗ്നലുകളെ വൈദ്യുത സിഗ്നലുകളാക്കി മാറ്റുന്ന ഉപകരണമാണ്.

b. ഡിജിറ്റൽ സിഗ്നലുകളെ അനലോഗ് സിഗ്നലുകളാക്കി മാറ്റുന്ന ഉപകരണമാണ്.

c. വൈദ്യുത സിഗ്നലുകളെ ശബ്ദ സിഗ്നലുകളാക്കി മാറ്റുന്ന ഉപകരണമാണ്.

d. svg ഫയലുകളെ png ഫയലുകളാക്കി മാറ്റുന്ന ഉപകരണമാണ്.

e. അനലോഗ് സിഗ്നലുകളെ ഡിജിറ്റൽ സിഗ്നലുകളാക്കി മാറ്റുന്ന ഉപകരണമാണ്.

7. ചുവടെ കൊടുത്തവയിൽ ക്യൂജിസ് ഭൂപടത്തിലെ ഒരു ലെയറിലെ വിശേഷണങ്ങൾ (Atributes) ആകാൻ സാധ്യതയുള്ളത് ഏതെല്ലാമെന്ന് കണ്ടെത്തുക.

a. ഉടമ

b. നദി

c. സ്കൂൾ

d. നീളം

e. വയൽ

8. അനു വെബ്പേജ് തയ്യാറാക്കിയപ്പോൾ പേജിന് Inline കാസ്കേഡിങ് സ്റ്റൈൽ ഉപയോഗിച്ച് നീല (#0000ff) പശ്ചാത്തലനിറവും Internal കാസ്കേഡിങ് സ്റ്റൈൽ ഉപയോഗിച്ച് ഹെഡ്ഡിങ്ങിന് മഞ്ഞ #ffff00) പശ്ചാത്തല നിറവും നൽകി. ഇതിനായി അനുവിന്റെ വെബ്പേജിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെല്ലാമാണ് ?

a. <body style= “background-color:# 0000ff;”>

b. <body = “background-color:# 0000ff;”>

c. <body style= “bg-color:# 0000ff;”>

d. <style>h2{background:#ffff00;}</style>

e. <style>h2{bg-color:#ffff00;}</style>

9. വേഡ്പ്രോസസർ ഡോക്യുമെന്റിലെ ഒരു വാചകം സെലക്ട് ചെയ്ത് apply Style Box ലെ Heading I എന്ന സ്റ്റൈൽ നൽകി. ഇതുമൂലം ഡോക്യുമെന്റിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ എന്തൊക്കെ ?

a. ഡോക്യുമെന്റിലെ എല്ലാ വാചകങ്ങളും Heading I ആയി മാറുന്നു.

b. Heading I സ്റ്റൈൽ പ്രയോഗിച്ച വാചകം Header ആയി മാറുന്നു.

c. Heading I സ്റ്റൈൽ പ്രയോഗിച്ച വാചകം Heading ആയി മാറുന്നു.

d. സ്റ്റൈൽ നൽകിയ വാചകത്തിന് Heading I ൽ നിർവചിച്ചിരിക്കുന്ന ഫോർമാറ്റുകൾ ലഭ്യമാകുന്നു.

e. സ്റ്റൈൽ നൽകിയ വാചകത്തിന് Header ആകാനുള്ള ഫോർമാറ്റുകൾ ലഭ്യമാകുന്നു.

10.
```
from turtle import*
for i in rang (5)
```

50 യൂണിറ്റ് നീളമുള്ള വശങ്ങളോടു കൂടിയ സമപഞ്ചഭുജം നിർമ്മിക്കുന്നതിനുള്ള ഒരു പൈത്തൺ പ്രോഗ്രാമിന്റെ അവസാനത്തെ രണ്ട് വരികൾ വിട്ട് പോയിരിക്കുന്നു. ഇത് പൂർണ്ണമാക്കുന്നതിനുള്ള ശരിയായ നിർദ്ദേശങ്ങൾ താഴെ തന്നിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. forward(50)

b. forward(72)

c. right(72)

d. right(50)

e. pensize(50)

11. ഇങ്ക്സ്കേപ് സോഫ്റ്റ്വെയറിൽ Fill And Stroke ജാലകത്തിൽ ലഭ്യമായ രണ്ട് സങ്കേതങ്ങൾ ചുവടെ നൽകിയിരിക്കുന്നതിൽ നിന്ന് തിരഞ്ഞെടുക്കുക.

a. Linear Gradient

b. Group

c. Opacity

d. Duplicate

e. Difference

12. കമ്പ്യൂട്ടർ നെറ്റ്‌വർക്ക് കൊണ്ടുള്ള പ്രധാനപ്പെട്ട രണ്ട് ഉപയോഗങ്ങൾ ഏവ?

a. ഫയലുകൾ കൈമാറ്റം ചെയ്യാം

b. യു പി എസ് പങ്കുവെയ്ക്കാം

c. മൗസ് പങ്കുവെയ്ക്കാം

d. പ്രിന്റർ പങ്കുവെയ്ക്കാം

e. കീബോർഡ് പങ്കുവെയ്ക്കാം

13. ഒരു വേഡ് ഡോക്യുമെന്റിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏറ്റവും ശരിയായ രണ്ടെണ്ണം തിരഞ്ഞെടുക്കുക.

a. ഒരു ഭാഗത്ത് നൽകിയ ഫോർമാറ്റുകൾ മറ്റു പല ഭാഗത്തേക്കും പ്രയോഗിക്കാനുള്ള ടൂളാണ് Clone Formatting tool.

b. ഒരു ഭാഗത്ത് നല്കിയ ഫോർമാറ്റുകൾ മറ്റു പല ഭാഗത്തേക്കും പ്രയോഗിക്കാനുള്ള ഒരു സങ്കേതമാണ് Mail Merge.

c. ഒരേ ഫോർമാറ്റുകൾ തന്നെ പല ഭാഗത്തേക്കും പ്രയോഗിക്കാൻ Styles and Formatting എന്ന സങ്കേതം ഉപയോഗിക്കാം.

d. Clone Formatting tool ഉപയോഗിച്ച് ഒരു പുതിയ സ്റ്റൈൽ നിർമ്മിക്കാം.

e. Mail Merge സങ്കേതം ഉപയോഗിച്ച് ഒരിടത്ത് നൽകിയ സ്റ്റൈലുകൾ മറ്റൊരിടത്തേക്ക് പകർത്താകാനാകും.

14. 50 യൂണിറ്റ് നീളമുള്ള വശങ്ങളോടു കൂടിയ സമപഞ്ചഭുജം നിർമ്മിക്കുന്നതിനുള്ള ഒരു പൈത്തൺ പ്രോഗ്രാമിന്റെ അവസാനത്തെ രണ്ട് വരികൾ വിട്ടു പോയിരിക്കുന്നു. ഇത് പൂർണമാക്കുന്നതിനുള്ള ശരിയായ നിർദ്ദേശങ്ങൾ താഴെ തന്നിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. forward(50)

b. forward(72)

c. right(72)

d. right(50)

e. pensize(50)

15. വെബ്പേജ് ഡിസൈനിങ്ങിൽ കാസ്കേഡിങ് സ്റ്റൈൽ ഉൾപ്പെടുത്തുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ഏതെല്ലാം സെലക്ടറുകൾ ഉപയോഗിച്ച് ഉള്ളടക്കങ്ങൾക്ക് സവിശേഷതകൾ നൽകാം ?

a. Web page selector

b. Html selector

c. Image selector

d. Element selector

e. Class selector

16. ഗ്നു/ലിനക്സ് ഓപറേറ്റിങ് സിസ്റ്റത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ രണ്ട് വിതരണങ്ങൾ (distributions) ചുവടെ നൽകിയതിൽ നിന്നും തെരെഞ്ഞെടുക്കുക.

a. മൈക്രോസോഫ്റ്റ് വിൻഡോസ്

b. ഡെബിയൻ

c. Mac OS X

d. Free BSD

e. റെഡ് ഹാറ്റ്

17. ലിബർഓഫീസ് ബേസിൽ Report ഉപയോഗിക്കുന്നത് തന്നിരിക്കുന്നവയിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ?

a. പട്ടികയിലേക്ക് വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന്.

b. പട്ടികയിലെ ആവശ്യമായ വിവരങ്ങൾ മാത്രം പ്രദർശിപ്പിക്കുന്നതിന്.

c. പട്ടികയിലെ വിവരങ്ങൾ ഏതു തരത്തിലുള്ളവയാണെന്ന് കണ്ടെത്തുന്നതിന്.

d. പട്ടികയിലെ വിവരങ്ങൾ ഉൾപ്പെടുത്തി ചെറുപട്ടികകൾ രൂപീകരിക്കുന്നത്.

e. പട്ടികയിൽ ചേർത്ത വിവരങ്ങൾ നിശ്ചിതരൂപത്തിൽ ലഭ്യമാക്കുന്നത്.

18. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ആനിമേഷൻ നിർമിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ട് സോഫ്റ്റ്‌വെയറുകൾ കണ്ടെത്തുക.

a. Stellerium

b. ToonBoom

c. Synfig studio

d. Quantum GIS

e. Sunclock

19. ചുവടെ നൽകിയിരിക്കുന്നവയിൽ ചിത്ര ഫയൽഫോർമാറ്റ് ഏതെല്ലാം ?

a. jpeg

b. mpeg

c. svg

d. flv

e. mp4

20. വിവിധ ഓപറേറ്റിങ് സിസ്റ്റങ്ങളുടെ കേർണൽ പ്രോഗ്രാമുകളെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായവ തിരഞ്ഞെടുക്കുക.

a. മൈക്രോസോഫ്റ്റ് വിൻഡോസിന്റെ കേർണലാണ് വിൻഡോസ് NT

b. ആപ്പിൾ മാക് ഓഎസ് X ന്റെ കേർണലാണ് XNU

c. ഗ്നു/ലിനക്സ് ഓപറേറ്റിങ്ങ് സിസ്റ്റത്തിന്റെ കേർണലാണ് GNU

d. BSD ഓപറേറ്റിങ്ങ് സിസ്റ്റത്തിന്റെ കേർണലാണ് NTFS

e. യുനിക്സ് ഓപറേറ്റിങ് സിസ്റ്റത്തിന്റെ കേർണലാണ് HPFS

21. ചിത്ര ഫയലുകളെക്കുറിച്ച് ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ കണ്ടെത്തുക ?

a. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു.

b. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത കുറയുനാന്നു.

c. വെക്ടർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നിലനിർത്തുന്നു.

d. svg ചിത്രങ്ങൾ റാസ്റ്റർ ആയിരിക്കും

e. ബിറ്റ്മാപ്പ് ചിത്രങ്ങൾ വെക്ടർ ചിത്രങ്ങൾ ആയിരിക്കും

22. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും Synfig Studio സോഫ്റ്റ്‌വെയറിനെക്കുറിച്ച് ശരിയായ രണ്ട് പ്രസ്താവനകൾ കണ്ടെത്തുക.

a. ഇത് ആകാശനിരീക്ഷണം വിർച്വലായി നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയറാണ്.

b. ഇത് ഒരു സ്വതന്ത്ര ത്രിമാന അനിമേഷൻ സോഫ്റ്റ്‌വെയറാണ്.

c. ഇത് ഒരു സ്വതന്ത്ര ദ്വിമാന അനിമേഷൻ സോഫ്റ്റ്‌വെയറാണ്.

d. റോബർട്ട് ബി.ക്വാറ്റ്ൽബാം ആണ് ഇത് നിർമ്മിച്ചത്.

e. എറിക് സ്മിത്ത് ആണ് ഇത് നിർമ്മിച്ചത്.

23. കാസ്കേഡിങ് സ്റ്റൈലുകൾ ഉൾപ്പെടുത്തി വെബ്പേജുകൾ തയ്യാറാക്കുമ്പോൾ വെബ്പേജിലെ ഹെഡിങ്ങുകളുടെ പശ്ചാത്തല നിറത്തേയും അക്ഷരങ്ങളുടെ നിറത്തേയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങൾ താഴെ തൊടുത്തിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. back-ground-color

b. background-color

c. color

d. font-color

e. font-colour

24. വേഡ് പ്രോസസറിൽ തയ്യാറാക്കിയ ഒരു ഡോക്യുമെന്റിലെ ശീർഷകങ്ങൾക്ക് നൽകിയ Heading 1 എന്ന സ്റ്റൈലിൽ മാറ്റം വരുത്തുന്നതെങ്ങനെ?

a. ഫോർമാറ്റ് ചെയ്ത എല്ലാ ശീർഷകങ്ങളും സെലക്ട് ചെയ്യുക.

b. ഫോർമാറ്റ് ചെയ്യ ഒരു ശീർഷകം സെലക്ട് ചെയ്യുക.

c. Format ————► Styles and Formatting ജാലകം തുറക്കുക.

d. തുറന്നുവരുന്ന ജാലകത്തിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Modify തിരഞ്ഞെടുക്കുക.

e. Heading 1 എന്ന സ്റ്റൈലിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Modify തിരഞ്ഞെടുക്കുക.

25. കമ്പ്യൂട്ടറിന് സ്ഥിരമായ ഐ പി വിലാസം ക്രമീകരിക്കുമ്പോൾ നൽകേണ്ട വിവരങ്ങളിൽ രണ്ടെണ്ണം ചുവടെ കൊടുത്തവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. അഡ്രസ്സ്

b. ഗെയിറ്റ് വെ

c. സെൽ നമ്പർ

d. ക്ലാസ്സ് സെലക്ടർ

e. എലമെന്റ് സെലക്ടർ

26. പൈത്തൺ പ്രോഗ്രാമിംഗ് ഭാഷയെ സംബന്ധിച്ച് ശരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

a. എല്ലാ പൈത്തൺ പ്രോഗ്രാമുകളും പൈത്തൺ ഷെൽ ജാലകത്തിലാണ് ടൈപ്പ് ചെയ്ത് സേവ് ചെയ്യുക.

b. ഏത് പൈത്തൺ പ്രോഗ്രാം പരവർത്തിപ്പിച്ചാലും പൈത്തൺ ഷെൽ ജാലകത്തിലാണ് അതിന്റെ ഔട്ട്പുട്ട് ലഭ്യമാവുക.

c. പൈത്തൺ ഗ്രാഫിക്സ് ജാലകത്തിൽ പ്രോഗ്രാമുകൾ ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കാം.

d. പൈത്തൺ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുമ്പോൾ പൈത്തൺ ഗ്രാഫിക്സ് ജാലകത്തിലാണ് അവ ലഭ്യമാവുക.

e. പൈത്തൺ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതിന് ചില അനുബന്ധ സോഫ്റ്റ്‌വെയറുകൾ വേണം.

27. സൺക്ലോക്ക് സോഫ്റ്റ്‌വെയറിലെ ക്ലോക്ക് & മാപ്പ് ജാലകത്തിലെ സമയെ ഒരു ദിവസം പിന്നോട്ട് ക്രമീകരിക്കുന്നതിനുള്ള വിവധ ഘട്ടങ്ങൾ ചുവടെ കൊടുത്തവയിൽ നിന്നും കണ്ടെത്തുക.

a. പ്രോഗ്രസ് വാല്യൂ (G) 1hour ആയി ക്രമീകരിക്കുക.

b. പ്രോഗ്രസ് വാല്യൂ (G) 1day ആയി ക്രമീകരിക്കുക.

c. ടോഗിൾ ട്രോപ്പിക്ക് (T) ടൂൾ ക്ലിക്ക് ചെയ്യുക

d. ബാക്ക്‌വേഡ് ടൈം ടൂൾ (B) ഒരു തവണ ക്ലിക്ക് ചെയ്യുക.

e. ഫോർവേഡ് ടൈം ടൂൾ (A) ഒരു തവണ ക്ലിക്ക് ചെയ്യുക.

28. ലിബർഓഫീസ് ബേസിൽ Creat in Design View എടുത്ത് പട്ടിക നിർമ്മിക്കുമ്പോൾ താഴെ കൊടുത്തവയിൽ ഏതെല്ലാമാണ് നിർവ്വചിക്കേണ്ടത് ?

a. Field Name

b. Field Type

c. Data Name

d. Search Criterion

e. Query

29. വിവധ വെബ്സൈറ്റുകളെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായവ തിരഞ്ഞെടുക്കുക.

a. www.blogger.com എന്നത് ഒരു ഇ – ഗവേണൻസ് വെബ്സൈറ്റാണ്.

b. സൗജന്യമായി ഇ – മെയിൽ സേവനം നല്കുന്ന ഒരു സംരംഭമാണ് www.gmail.com.

c. www.hscap.kerala.gov.in എന്നത് പ്രൈമറി സ്കൂൾ പ്രവേശനത്തിനുള്ള വെബ്സൈറ്റാണ്.

d. ഇന്റർനെറ്റിൽ പ്രവർത്തിക്കുന്ന ഒരു തിരച്ചിൽ സംവിധാനമാണ് www.google.com.

e. www.en.wiktionary.org എന്നത് മലയാളം വിക്കിപീഡിയയുടെ വിലാസമാണ്.

30. Synfig Studio സോഫ്റ്റ്‌വെയറിനെക്കുറിച്ച് ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ നിന്ന് ശരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

a. Synfig Studio ൽ നിർമ്മിച്ച അനിമേഷൻ പ്രൊജക്ട് ഫയലായി സേവ് ചെയ്യാം.

b. Synfig Studio ൽ നിർമ്മിച്ച അനിമേഷൻ പ്രൊജക്ട് ചിത്ര ഫയലായി മാത്രമേ സേവ് ചെയ്യാൻ സാധിക്കൂ.

c. Synfig Studio ൽ നിർമ്മിച്ച അനിമേഷൻ പ്രൊജക്ട് വീഡിയോ ഫയലായി എക്സ്പോർട്ട് ചെയ്യാം.

d. Synfig Studio ൽ നിർമ്മിച്ച അനിമേഷൻ പ്രൊജക്ട് വീഡിയോ ഫയലായി എക്സ്പോർട്ട് ചെയ്യാൻ സാധിക്കില്ല.

e. Synfig Studio ൽ നിർമ്മിച്ച അനിമേഷൻ പ്രൊജക്ട് gif എന്ന ചിത്രഫയൽ ഫോർമാറ്റായി എക്സ്പോര്ട്ട് ചെയ്യാം

31. റാസ്റ്റർ ചിത്ര ഫയലുകളെക്കുറിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായ രണ്ടെണ്ണം തിരഞ്ഞെടുക്കുക.

a. Inkscape ൽ തയ്യാറാക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും.

b. ജിമ്പ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന ചിത്രങ്ങൾ റാസ്റ്റർ ചിത്രങ്ങളായിരിക്കും.

c. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നഷ്ടപ്പെടുന്നു.

d. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത വർദ്ധിക്കുന്നു.

e. റാസ്റ്റർ ചിത്രങ്ങൾ വലുതാക്കുമ്പോൾ വ്യക്തത നഷ്ടപ്പെടുന്നില്ല.

32. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതെല്ലാമാണ് ?

a. ഡെന്നീസ് റിച്ചി, കെൻ തോംസൻ തുടങ്ങിയവർ ബിഎസ്ഡി നിർമ്മിച്ചു.

b. ലിനസ് ടോർവാൾഡ്, റിച്ചാർഡ് സ്റ്റാൾമാൻ എന്നിവർ ചേർന്ന് യുനിക്സ് നിർമ്മിച്ചു.

c. കാലിഫോർണിയ യൂണിവേഴ്സിറ്റി, ബെർക്കിലിയാണ് ബിഎസ്ഡി പുറത്തിറക്കിയത്.

d. ബെൽ ലബോറട്ടറീസ്, അമേരിക്കയാണ് യൂനിക്സിന്റെ ആദ്യ നിർമ്മാതാക്കൾ.

e. ഗ്നു പ്രോജക്ട് നിർമ്മിച്ച ഓപറേറ്റിംഗ് സിസ്റ്റമാണ് യൂനിക്സ്.

33. ഒരു സാധാരണ ഓപറേറ്റിങ് സിസ്റ്റത്തിന് പ്രവർത്തനതലത്തിൽ ഉണ്ടാകാറുള്ള രണ്ട് ഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് തിരഞ്ഞെടുക്കുക.

a. കേർണൽ

b. GNU

c. സ്വാപ്

d. XNU

e. ഷെൽ

34. സൂര്യോദയത്തിന്റെ അനിമേഷൻ തയ്യാറാക്കാൻ Synfig Studio ൽ വരച്ച ഒരു ചിത്രമാണിത്. ചുവടെ നൽകിയിരിക്കുന്ന ഏതെല്ലാം ടൂളുകളാണ് ഇതിന് ഉപയോഗിച്ചിട്ടുണ്ടാവുക ?

a. Cirlcle Tool

b. Fill Tool

c. Text Tool

d. Star Tool

e. Rectangle Tool

35. ലിബർഓഫീസ് ബേസിൽ ഒരു Form ഉപയോഗിക്കുന്നത് തന്നിരിക്കുന്നവയിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ?

a. പട്ടികയിലേക്ക് വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന്.

b. പട്ടികയിലെ ആവശ്യമായ വിവരങ്ങൾ മാത്രം ലഭ്യമാക്കുന്നതിന്.

c. പട്ടികയിലെ വിവരങ്ങൾ ഏതു തരത്തിലുള്ളവയാണെന്ന് കണ്ടെത്തുന്നതിന്.

d. പട്ടികയുടെ രൂപരേഖ തീരുമാനിക്കുന്നതിന്.

e. പട്ടികയിൽ ചേർത്ത വിവരങ്ങൾക്ക് മാറ്റം വരുത്തുന്നതിന്.

36. ഇന്റർനെറ്റിനെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ ചുവടെ നൽകിയവയിൽ നിന്ന് തിരഞ്ഞെടുക്കുക.

a. ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്നത് എറിക്സ്മിത്ത് ആണ്.

b. ഇന്റർനെറ്റ് പ്രവർത്തിക്കുന്നത് അമേരിക്കൻ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്.

c. ഇ–മെയിൽ,ഇ–ബാങ്കിങ്ങ് തുടങ്ങിയവ ഇന്റർനെറ്റ് ഉപയോഗിക്കുന്ന സേവനമേഖലകളാണ്

d. ഇന്റർനെറ്റിൽ വിവരങ്ങൾ തിരയാനുള്ള ഒരു സംവിധാനമാണ് സെർച്ച് എഞ്ചിനുകൾ.

e. ഇന്റർനെറ്റിൽ വിവരങ്ങൾ തിരയാനുള്ള ഒരു സംവിധാനമാണ് ബ്ലോഗുകൾ.

37. ലിബർഓഫീസ് ബേസിൽ ഒരു ഡാറ്റാബേസ് ഫയൽ തുറക്കുമ്പോൾ ജാലകത്തിൽ ദൃശ്യമാവുന്ന രണ്ട് പാനലുകൾ ചുവടെ നല്കിയിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. ഡെസ്ക്ടോപ് പാനൽ

b. വർക്ക് ഷീറ്റ് പാനൽ

c. ടോപ്പ് പാനൽ

d. ടാസ്ക് പാനൽ

e. ഡാറ്റാബേസ് പാനൽ

38. കമ്പ്യൂട്ടറിന്റെ സ്ഥിരമായ ഐ പി വിലാസം ക്രമീകരിക്കുമ്പോൾ നൽകേണ്ട വിവരങ്ങളിൽ രണ്ടെണ്ണം ചുവടെ കൊടുത്തവയിൽ നിന്നും തിരഞ്ഞെടുക്കുക.

a. അഡ്രസ്സ്

b. ഗെയിറ്റ് വെ

c. സെൽ നമ്പർ

d. ക്ലാസ്സ് സെലക്ടർ

e. എലമെന്റ് സെലക്ടർ

39. നല്കിയിട്ടുള്ള പൈത്തൺ പ്രോഗ്രാമിനെ സംബന്ധിച്ച് ഏറ്റവും ശരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക

```
Form turtle  import*
for k in range (6):
    right (60)
    color("black", "blue")
    begin_fill()
    for j in range (4)
        forward(100)
        rt(90)
    end_fill()
```

a. ഈ പ്രോഗ്രാമിൽ begin_fill(), end_fill() എന്നീ നിർദ്ദേശങ്ങൾ ഓരേ ടാബ് പൊസിഷനിൽ തന്നെ വേണമെന്ന് നിർബന്ധമില്ല.

b. ഈ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന പാറ്റേണിൽ നീല നിറം നിറച്ചതും കറുപ്പ് ബോർഡറുള്ളതുമായ സമചതുരങ്ങൾ ലഭിക്കും

c. ഈ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന പാറ്റേണിൽ കറുപ്പ് നിറം നിറച്ചതും നീല ബോർഡറുള്ളതുമായ സമചതുരങ്ങൾ ലഭിക്കും

d. ഈ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന പാറ്റേണിൽ നാല് സമചതുരങ്ങളാണ് ഉണ്ടായിരിക്കുക

e. ഇതിൽ നെസ്റ്റഡ് ലൂപ്പ് സ്റ്റേറ്റ്മെന്റുകൾ ഉപയോഗിച്ചിട്ടുണ്ട്.

40. തന്നിരിക്കുന്നവയിൽ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധപ്പെട്ട ശരിയായ രണ്ട് പ്രസ്താവനകൾ എഴുതുക

a. വിവരങ്ങൾ പട്ടികകളായി സൂക്ഷിക്കാം

b. പട്ടികകളായി സൂക്ഷിച്ച വിവരങ്ങളുമായി നേരിട്ട് സംവദിക്കാനാവില്ല.

c. പട്ടികകളായി സൂക്ഷിച്ച വിവരങ്ങൾ ഇഷ്ടാനുസരണം ലഭ്യമാക്കാനാവില്ല.

d. പട്ടികകളായി സൂക്ഷിച്ച വിവരങ്ങൾ പിന്നീട് മാറ്റം വരുത്താനാവില്ല.

e. ചിത്രങ്ങൾ ഉൾപ്പെടുത്താനാവില്ല.

41. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ആനിമേഷൻ വീഡിയോകൾ നിർമിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കണ്ടെത്തുക.

a. Pencil

b. ToonBoom

c. Synfig Studio

d. Anim Studio

e. Adobe Flash

42. താഴെ പറയുന്നവയിൽ ഏതെല്ലാമാണ് സ്മാർട്ട്ഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ ?

a. Android

b. Tizen

c. Unix

d. FreeBSD

e. Mac OS X

43. നൽകിയിരിക്കുന്ന Sunclock ഭൂപടത്തെ വിശകലനം ചെയ്ത് ചുവടെ കൊടുത്തവയിലെ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.



a. ഉത്തരാർധഗോളത്തിലെ ചില പ്രദേശങ്ങളിൽ സൂര്യൻ ഉദിക്കുന്നില്ല.

b. ദക്ഷിണാർധഗോളത്തിലെ ചില പ്രദേശങ്ങളിൽ സൂര്യൻ ഉദിക്കുന്നില്ല.

c. ഉത്തരാർധഗോളത്തിലെ ചില പ്രദേശങ്ങളിൽ സൂര്യൻ അസ്തമിക്കുന്നില്ല.

d. ദക്ഷിണാർധഗോളത്തിലെ ചില പ്രദേശങ്ങളിൽ സൂര്യൻ അസ്തമിക്കുന്നില്ല.

e. ഉത്തര – ദക്ഷിണാർധഗോളത്തിൽ രാത്രി പകൽ ദൈർഘ്യം തുല്യമാണ്.